# പിടപിടച്ചു കരിമീൻ; ആളൊപ്പം ചാടി കാളാഞ്ചിക്കൂട്ടം

**● മുണ്ടംവേലിയിലെ കേജ് ഫാമിൽ മീൻവിളവെടുപ്പ്**

തോപ്പുംപടി ● പിടയ്ക്കുന്ന കരിമീനും ഒരാൾ പൊക്കത്തിൽ ചാടുന്ന കാളാഞ്ചിയും... ജിസിഡിഎയുടെ മുണ്ടംവേലിയിലെ കേജ് ഫാമിലെ വിളവെടുപ്പിന്റെ ആദ്യ ദിനത്തിൽ പിടിച്ചത് 400 കിലോഗ്രാം കരിമീനും 130 കിലോഗ്രാം കാളാഞ്ചിയും. വിളവെടുപ്പ് കെ.ജെ. മാക്സി എംഎൽഎ ഉദ്ഘാടനം ചെയ്തു. അഞ്ച് ഏക്കർ വരുന്ന ജലാശയത്തിന്റെ മധ്യത്തിൽ നിക്ഷേപിച്ച കേജുകളിൽനിന്ന് മത്സ്യം കോരിയെടുത്തായിരുന്നു ഉദ്ഘാടനം. കോരുവലയിൽ നിറയെ കരിമീനും ഒരെണ്ണത്തിനു രണ്ടു കിലോഗ്രാമിലേറെ തൂക്കം വരുന്ന കാളാഞ്ചിയും നിറഞ്ഞു.

50,000 കിലോഗ്രാമിലേറെ മീൻ ഇവിടെനിന്നു ലഭിക്കുമെന്നാണു പ്രതീക്ഷ. 22 കൂടുകൾ ഇറക്കിയതിൽ 15 എണ്ണത്തിലാണ് മീൻ കുഞ്ഞുങ്ങളെ എട്ടുമാസം മുൻപു നിക്ഷേപിച്ചത്. പതിനായിരക്കണക്കിനു കരിമീൻ കുഞ്ഞുങ്ങൾ, 8000 കാളാഞ്ചികൾ, 40,000 പൂമീൻ കുഞ്ഞുങ്ങൾ എന്നിങ്ങനെയാണു നിക്ഷേപിച്ചത്.

കേജുകൾക്കുള്ളിൽ കരിമീനും കാളാഞ്ചിയും, പുറത്തെ ജലാശയത്തിൽ പൂമീനുകളും മറ്റു മത്സ്യങ്ങളും. വളർച്ചയെത്തിയ മീനുകളെ മാറ്റിയിടുന്നതിനാണു കുറച്ചു കൂടുകൾ ഒഴിച്ചിട്ടത്. വിയറ്റ്നാം കമ്പനിയിൽനിന്ന് ഇറക്കുമതി ചെയ്ത ഭക്ഷണമാണു മീനുകൾക്കു നൽകിയത്. എന്നാൽ, ഇതിന്റെ വരവു നിലച്ചതോടെ കഴിഞ്ഞ ഒരു മാസമായി നാടൻ ഭക്ഷണമാണു നൽകിയത്.

മീൻ വിളവെടുപ്പ് കരാർ നൽകിയിരിക്കുകയാണ് ജിസിഡിഎ. ഇവരിൽ നിന്നു മീൻ വാങ്ങുന്നതിനു രാവിലെ വൻ തിരക്കായിരുന്നു. മീൻ ലഭിക്കാതെ നാട്ടുകാരിൽ പലരും നിരാശരായി മടങ്ങി. കൂടുകൾക്കു പുറത്തുള്ള ജലാശയത്തിൽ കിടക്കുന്ന പൂമീനുകളെ പിന്നീടു പിടിക്കും.

കൗൺസിലർ കെ.ജെ. പ്രകാശൻ, പള്ളുരുത്തി മണ്ഡലം സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് എം.എസ്. ശോഭിതൻ, സിപിഎം കൊച്ചി ഏരിയ സെക്രട്ടറി കെ.എം. റിയാദ്, ജിസിഡിഎ സെക്രട്ടറി എം.സി. ജോസഫ്, അസി. അഡ്മിനിസ്ട്രേറ്റീവ് ഓഫിസർ ഇമാം എൻ. മുബീൽ, എക്സി.എൻജിനീയർ മാത്യു ജോയ്, അസി. എക്സിക്യൂട്ടീവ് എൻജിനീയർ മോഹൻദാസ് തുടങ്ങിയവരുടെ നേതൃത്വത്തിലായിരുന്നു വിളവെടുപ്പ്.

മുൻകൂട്ടി നിശ്ചയിച്ച ചില പരിപാടികളുണ്ടായിരുന്നതിനാലാണു ജിസിഡിഎ ചെയർമാൻ സി.എൻ. മോഹനൻ ഉദ്ഘാടനച്ചടങ്ങിന് എത്താതിരുന്നതെന്നു കെ.ജെ. മാക്സി എംഎൽഎ പറഞ്ഞു.

ഫാമിന്റെ തുടർന്നുള്ള നടത്തിപ്പിനു മേൽനോട്ടം വഹിക്കാൻ കമ്മിറ്റിക്കു രൂപം നൽകിയിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.



ജിസിഡിഎ മുണ്ടംവേലി ഫിഷ് ഫാമിൽ നടത്തനം ചെയ്യുന്നു.